**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,**<br>**ശ്രീ. ഇ കെ വിജയൻ,**<br>**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് പുതിയ ദിശാബോധം നല്കാൻ കഴിയുന്ന വിധം ശ്രദ്ധേയമായ നേട്ടങ്ങൾ കുറഞ്ഞ കാലയളവിൽ ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ കൈവരിക്കാൻ സംരംഭക വർഷം പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും **1153** പ്രൊഫഷണലുകളെ ഇന്റേൺസായി നിയമിച്ചിട്ടുണ്ട്. ഒരു തദ്ദേശ സ്ഥാപനതലത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ചു നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ **1034** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന സംരംഭകർക്കുള്ള ഹെൽപ്പ് ഡെസ്കുകളും സ്ഥാപിച്ചിട്ടുണ്ട്. ഇന്റേണിന്റെ പ്രവർത്തനം വഴി വ്യവസായ വകുപ്പിന്റെ വിവിധ പരിപാടികൾ ഗ്രാമപ്രദേശങ്ങളിൽ എത്തിക്കാൻ സാധിച്ചത് ഈ ചെറിയ കാലയളവിൽ ഗ്രാമപ്രദേശങ്ങളിൽ വ്യവസായ വികസനം സാധ്യമാകാൻ സഹായിച്ചിട്ടുണ്ട്, |
| (ബി) | സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ സംരംഭക സൗഹൃദ സമീപനം കൂടുതൽ നിക്ഷേപകർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ പ്രചോദനമായിട്ടുണ്ടോ; ഈ പദ്ധതിയിലൂടെ കേരളത്തിലേക്ക് വന്ന നിക്ഷേപം, സൃഷ്ടിക്കപ്പെട്ട തൊഴിൽ എന്നിവ വിശദമാക്കാമോ; | (ബി) | 2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127,214 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 7710.85കോടി രൂപയുടെ നിക്ഷേപവും 2,73,931പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (സി) | വ്യാവസായിക സാഹചര്യം മാനദണ്ഡമാക്കി ഓരോ | (സി) | ഒരു വർഷം ഒരു ലക്ഷം സംരംഭം എന്നതായിരുന്നു ഈ |

| | | | |
|---|---|---|---|
| | ജില്ലയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിക്കേണ്ട സംരംഭങ്ങളുടെ ടാർജറ്റ് നൽകിയിരുന്നുവോ; നിശ്ചയിച്ച ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിലെ പുരോഗതി വിശദമാക്കാമോ; | | പദ്ധതിയുടെ സംസ്ഥാനതല ടാർഗറ്റ്. പ്രസ്തുത ടാർഗറ്റ് ഇരുന്നൂറ്റി അൻപത് ദിവസങ്ങളിൽ തന്നെ കൈവരിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടാർഗറ്റ് നിശ്ചയിച്ചത് സംസ്ഥാനത്താകെ ഒന്നര ലക്ഷം സംരംഭങ്ങൾ തുടങ്ങണം എന്ന ലക്ഷ്യത്തോടെ ജനസംഖ്യാനുപാതത്തിലാണ്, ഈ ടാർഗറ്റിന്റെ 80% കൈവരിക്കാനായിട്ടുണ്ട് . |
| (ഡി) | ഈ പദ്ധതിയുടെ ഭാഗമായി വനിതാ സംരംഭകർ നേതൃത്വം നൽകുന്ന ഇരുപത്തി അയ്യായിരത്തിലധികം സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്; സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളിൽ 40,558 സംരംഭങ്ങൾ വനിതാ സംരംഭകർ നേതൃത്വം നൽകുന്നവയാണ് . |

സെക്ഷൻ ഓഫീസർ